പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1251 — 07.06.2018-ൽ മറുപടിക്ക്

## ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; കാലവർഷം തുടങ്ങുന്നതിനുമുമ്പായി ഇവ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) കേരള സർക്കാർ 3054-01-337-99-urgent Repairs to NH Stretches in the State എന്ന ഹെഡിൽ അനുവദിച്ച് നൽകിയ 5 കോടി രൂപ സംസ്ഥാനത്തെ വിവിധ ദേശീയപാതകളിലായി മഴക്കാല പൂർവ്വ പ്രവൃത്തികൾക്ക് അനുവദിച്ച് നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്.പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രഫണ്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br>(സി) കേന്ദ്രഫണ്ട് ലഭിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള ചെലവ് എപ്രകാരമാണ് വഹിക്കുന്നത്; വിശദമാക്കാമോ? | (ബി) & (സി) മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള അറ്റകുറ്റ പ്രവൃത്തികൾക്കായി 5.50 കോടിയുടെ കേന്ദ്ര ഫണ്ട് 2018-19 ലെ ഓർഡിനറി റിപ്പയേഴ്സ്( OR) എന്ന ഹെഡിൽ നിന്നും ലഭ്യമായിട്ടുണ്ട്. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/G-23012/01/2018-W&A തീയതി 02.04.2018 പ്രകാരമാണ് ഫണ്ട് ലഭ്യമായത്.പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷം പൂർത്തീകരിച്ചതും ഫണ്ടിന്റെ അപര്യാപ്തത മൂലം പേയ്മെന്റ് നൽകാൻ കഴിയാതിരുന്നതുമായ 27 പ്രവൃത്തികൾക്ക് 1,59,43,548/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഡിവിഷൻ | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 14 | 109.00 |
| 2 | കൊല്ലം | 17 | 71.1 |
| 3 | ആലപ്പുഴ | 3 | 30.00 |
| 4 | മൂവാറ്റുപുഴ | 15 | 109.00 |
| 5 | കൊടുങ്ങല്ലൂർ | 21 | 102.00 |
| 6 | മലപ്പുറം | 11 | 36.00 |
| 7 | കോഴിക്കോട് | 26 | 108.53 |
| 8 | കണ്ണൂർ | 3 | 14.00 |
| | ആകെ | | 579.63 |

S. Bindu
സെക്ഷൻ ഓഫീസർ